## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 648 06.02.2013 ലെ മറുപടിയ്ക്ക്

## കാരുണ്യ പദ്ധതി പ്രകാരമുള്ള ചികിത്സാസഹായം

**ചോദ്യം**

ശ്രീ. എം.വി. ശ്രേയാംസ് കുമാർ

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | |
|---|---|---|
| (എ) | കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അസുഖങ്ങൾക്ക് ചികിത്സ തുടങ്ങും മുമ്പ് സഹായത്തിനായി അപേക്ഷിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; വിശദമാക്കുമോ ; | ചികിത്സ തുടങ്ങുന്നതിനു മുൻപ് അപേക്ഷ നൽകിയിരിക്കേണ്ടതാണെന്ന വ്യവസ്ഥ നിലവിലുണ്ട്. |
| (ബി) | അടിയന്തിര ചികിത്സയ്ക്കും ശസ്ത്രക്രിയകൾക്കും വിധേയരാവുന്നവർക്ക് കാരുണ്യ ലോട്ടറിയിൽ നിന്നുള്ള ചികിത്സാ സഹായം നിഷേധിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സർക്കാർ ആശുപത്രികളിൽ അടിയന്തിര ശസ്ത്രക്രിയയ്ക്ക് വിധേയരാകേണ്ടി വരുന്ന രോഗികൾക്ക് ഇതു സംബന്ധമായി ഡോക്ടറിൽ നിന്നു ലഭിയ്ക്കുന്ന സർട്ടിഫിക്കറ്റ് സഹിതം അതാതു ജില്ലാ ഭാഗ്യക്കുറി ആഫീസുകളിൽ 24 മണിക്കൂറിനുള്ളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇത്തരം രോഗികൾക്ക് ചികിത്സാധനസഹായം നൽകുന്നതിന് കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്ററെ അധികാരപ്പെടു ത്തിയിട്ടുണ്ട്. മാത്രമല്ല അടിയന്തിര ചികിത്സയ്ക്ക് മുൻകൂർ അനുമതി നൽകുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |

## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 649 06.02.2013 ലെ മറുപടിയ്ക്ക്

## സംസ്ഥാന ലോട്ടറി - വരുമാനം

**ചോദ്യം** **ഉത്തരം**

ശ്രീ. സി. ദിവാകരൻ

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| ക്രമ നമ്പർ | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് ഏതെല്ലാം ലോട്ടറികളാണ് ഇപ്പോൾ നിലവിലുള്ളത്; | പൗർണ്ണമി, വിൻവിൻ, ധനശ്രീ, അക്ഷയ, പ്രതീക്ഷ, ഭാഗ്യനിധി, കാരുണ്യ എന്നീ 7 പ്രതിവാര ഭാഗ്യക്കുറികളും സമ്മർ ബമ്പർ, വിഷു ബമ്പർ, മൺസൂൺ ബമ്പർ, ഓണം ബമ്പർ, പൂജാ ബമ്പർ, ക്രിസ്റ്റുമസ് ന്യൂ ഇയർ ബമ്പർ എന്നിങ്ങനെ വർഷത്തിൽ 6 ബമ്പർ ഭാഗ്യക്കുറികളുമാണ് നിലവിലുള്ളത്. |
| (ബി) | നിലവിലുള്ള ഏതെങ്കിലും ലോട്ടറികൾ നിർത്തലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം; | ഉദ്ദേശിക്കുന്നില്ല. |
| (സി) | ലോട്ടറിയിൽ നിന്നും 2010-11, 2011-12 വർഷങ്ങളിലെ മൊത്ത വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ ? | 2010-11 സാമ്പത്തിക വർഷം - 557.69 കോടി രൂപ<br>2011-12 സാമ്പത്തിക വർഷം - 1287.08 കോടി രൂപ. |

സെക്ഷൻ ഓഫീസർ